## വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

ഉത്തരവ് നമ്പർ ICDS /A6/10342/2019 തിരുവനന്തപുരം തീയതി 04/02/2021

വിഷയം: വനിതാ ശിശു വികസന വകുപ്പ് - പിഎംഎംവിവൈ പദ്ധതി - അങ്കണവാടി ജീവനക്കാർക്ക് ഇൻസെന്റീവ് - തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
(1) G.O. (RT) No. 489/2020/SJD തീയതി 20/09/2019
(2) ഈ കാര്യാലയത്തിലെ കത്ത് നം. ICDS/A6/10342/2019 (PMMVY) തീയതി 12/11/2020
(3) ഉത്തരവ് നമ്പർ ICDS/A6/10342/2019 തീയതി 23/01/2021
(4) കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസിൽ നിന്നു 2020-21 സാമ്പത്തിക വർഷത്തിലെ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ അടങ്ങിയ കത്ത്
(5) എറണാകുളം ജില്ലാ പ്രോഗ്രാം ഓഫീസിൽ നിന്നു ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ അടങ്ങിയ കത്ത്
(6) കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസിൽ നിന്നു 2019-20 സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ അടങ്ങിയ കത്ത്

പിഎംഎംവിവൈ പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കുന്നതിനു, മുഴുവൻ ആനുകൂല്യവും (3 ഗഡു) ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർക്ക് 50/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 25/- രൂപയും നൽകുന്നതിനു, പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ തുക പിഎംഎംവിവൈ പദ്ധതിക്കായുള്ള ഫ്ലക്സി ഫണ്ടിൽ നിന്ന് അനുവദിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മൂന്നു ഗഡു ആനുകൂല്യവും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് അവശേഷിക്കുന്ന തുകയും, നടപ്പു സാമ്പത്തിക വർഷത്തിൽ 31/08/2020 വരെ അനുവദിക്കേണ്ട തുകയും കണക്കാക്കി ഓരോ ഐസിഡിഎസ് ലെയും അങ്കണവാടി ജീവനക്കാർക്കു ലഭിക്കേണ്ട ഇൻസെന്റീവ് തുകയുടെ കണക്കു ശേഖരിച്ച് ഈ കാര്യാലയത്തിലേക്കു ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പരാമർശം (3) പ്രകാരം എറണാകുളം ജില്ലാ ഒഴികെ എല്ലാ ജില്ലകൾക്കുമായി 72,14,780 രൂപ (എഴുപത്തി രണ്ടു ലക്ഷത്തി പതിനാലായിരത്തി എഴുനൂറ്റി എൺപതു രൂപ മാത്രം) അനുവദിച്ചിരുന്നു. എന്നാൽ പരാമർശം (4) പ്രകാരം കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ ആവശ്യപ്പെട്ടിരുന്നത് 2020-21 സാമ്പത്തിക വർഷത്തിലേക്കു ആവശ്യമായിട്ടുള്ള തുക മാത്രമായിരുന്നു. ടി തുക പരാമർശം (3) പ്രകാരം അനുവദിച്ചിരുന്നു. പരാമർശം (4) പ്രകാരം 2019-20, 2020-21 ആഗസ്റ്റ് വരെ എറണാകുളം ജില്ലാ പ്രോഗ്രാം ഓഫീസറും, പരാമർശം (5) പ്രകാരം കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ 2019-20 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായുള്ള തുകയും ആവശ്യപ്പെടുകയുണ്ടായി.

2) ആയത് പരിശോധിച്ചതിൽ വർക്കർ/ഹെൽപ്പർ ഇൻസെന്റീവ് ഇനത്തിൽ **44** പ്രൊജെക്ടുകളിൽ നിന്ന് ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർക്ക് **4,86,150** രൂപയും അങ്കണവാടി ഹെൽപ്പർക്ക് **2,41,475** രൂപയും ചേർത്ത് അകെ **7,27,625** രൂപ ഇൻസെന്റീവ് ഇനത്തിൽ 31/08/2020 വരെ എറണാകുളം, കണ്ണൂർ ജില്ലകൾക്ക് അനുവദിക്കുവാൻ ആവശ്യമായിട്ടുണ്ട്. ഈ തുക ചുവടെ പറയുന്ന ഐസിഡിഎസ് പ്രോജെക്ട് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് വിതരണം ചെയ്യുന്നതിന് എറണാകുളം, കണ്ണൂർ ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| പി എം എം വി വൈ വർക്കർ & ഹെൽപ്പർ ഇൻസെന്റീവ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | ജില്ലാ | പ്രൊജക്ട് | മുഴുവൻ ആനുകൂല്യവും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | അങ്കണവാടി വർക്കർമാർക്ക് ലഭിക്കേണ്ട തുക | അങ്കണവാടി ഹെൽപ്പർക്ക് ലഭിക്കേണ്ട തുക | ആകെ |
| 1. | എറണാകുളം | ICDS പ്രോജക്ട് ആലങ്ങാട് | 348 | 17400 | 8700 | 26100 |
| 2. | | ICDS പ്രോജക്ട് അങ്കമാലി | 194 | 9700 | 4850 | 14550 |
| 3. | | ICDS പ്രോജക്ട് അങ്കമാലി അഡിഷണൽ | 46 | 2300 | 1150 | 3450 |
| 4. | | ICDS പ്രോജക്ട് ഇടപ്പള്ളി | 121 | 6050 | 2500 | 8550 |
| 5. | | ICDS പ്രോജക്ട് ഇടപ്പള്ളി അഡിഷണൽ | 335 | 16750 | 7750 | 24500 |
| 6. | | ICDS പ്രോജക്ട് കൊച്ചി അർബൻ -1 | 276 | 13800 | 6900 | 20700 |
| 7. | | ICDS പ്രോജക്ട് കൊച്ചി അർബൻ -2 | 403 | 20150 | 10075 | 30225 |
| 8. | | ICDS പ്രോജക്ട് കൊച്ചി അർബൻ -3 | 128 | 5400 | 3200 | 8600 |
| 9. | | ICDS പ്രോജക്ട് കുവപ്പടി | 273 | 13650 | 6825 | 20475 |
| 10. | | ICDS പ്രോജക്ട് കോതമംഗലം | 389 | 19450 | 9725 | 29175 |
| 11. | | ICDS പ്രോജക്ട് കോതമംഗലം അഡിഷണൽ | 120 | 6000 | 3000 | 9000 |
| 12. | | ICDS പ്രോജക്ട് മുളംതുരുത്തി | 81 | 4050 | 2025 | 6075 |
| 13. | | ICDS പ്രോജക്ട് മുവാറ്റുപുഴ | 270 | 13500 | 6750 | 20250 |
| 14. | | ICDS പ്രോജക്ട് മുവാറ്റുപുഴ അഡിഷണൽ | 107 | 5350 | 2675 | 8025 |
| 15. | | ICDS പ്രോജക്ട് പള്ളുരുത്തി | 323 | 16150 | 8075 | 24225 |
| 16. | | ICDS പ്രോജക്ട് പാറക്കടവ് | 343 | 13700 | 6850 | 20550 |
| 17. | | ICDS പ്രോജക്ട് പാമ്പാക്കുട | 134 | 6700 | 3350 | 10050 |

| | | | | | | |
|---|---|---|---|---|---|---|
| 18. | | ICDS പ്രോജക്ട് വാഴക്കുളം | 553 | 27650 | 12925 | 40575 |
| 19. | | ICDS പ്രോജക്ട് വാഴക്കുളം അഡിഷണൽ | 137 | 6850 | 3425 | 10275 |
| 20. | | ICDS പ്രോജക്ട് വടവുകോട് | 442 | 22100 | 11000 | 33100 |
| 21. | | ICDS പ്രോജക്ട് വൈപ്പിൻ | 125 | 6250 | 3125 | 9375 |
| 22. | | ICDS പ്രോജക്ട് നോർത്ത് പറവൂർ | 792 | 39600 | 19800 | 59400 |
| 23. | | ICDS പ്രോജക്ട് മുളംതുരുത്തി അഡിഷണൽ | 160 | 8000 | 4000 | 12000 |
| | | **ആകെ** | **6100** | **3,00,550** | **1,48,675** | **4,49,225** |
| | | **അനുവദിക്കുന്ന തുക** | | | | **4,49,225** |
| **ക്രമ നം.** | **ജില്ലാ** | **പ്രൊജക്ട്** | **മുഴുവൻ ആനുകൂല്യവും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം** | **അങ്കണവാടി വർക്കർമാർക്ക് ലഭിക്കേണ്ട തുക** | **അങ്കണവാടി ഹെൽപ്പർക്ക് ലഭിക്കേണ്ട തുക** | **ആകെ** |
| 1. | | ICDS പ്രോജക്ട് എടക്കാട് | 384 | 19200 | 9600 | 28800 |
| 2. | | ICDS പ്രോജക്ട് എടക്കാട് അഡിഷണൽ | 282 | 14100 | 7050 | 21150 |
| 3. | | ICDS പ്രോജക്ട് ഇരിക്കൂർ | 155 | 7750 | 3875 | 11625 |
| 4. | | ICDS പ്രോജക്ട് ഇരിക്കൂർ അഡിഷണൽ | 127 | 6350 | 3175 | 9525 |
| 5. | | ICDS പ്രോജക്ട് ഇരിട്ടി | 248 | 12400 | 6200 | 18600 |
| 6. | | ICDS പ്രോജക്ട് ഇരിട്ടി അഡിഷണൽ | 0 | 0 | 0 | 0 |
| 7. | | ICDS പ്രോജക്ട് കല്യാശ്ശേരി | 184 | 9200 | 4600 | 13800 |
| 8. | **കണ്ണൂർ (2019-20 വർഷത്തെ കുടിശ്ശിക)** | ICDS പ്രോജക്ട് കല്യാശ്ശേരി അഡിഷണൽ | 245 | 12250 | 6125 | 18375 |
| 9. | | ICDS പ്രോജക്ട് കണ്ണൂർ റൂറൽ | 219 | 10950 | 5475 | 16425 |
| 10. | | ICDS പ്രോജക്ട് കണ്ണൂർ അർബൻ | 101 | 5050 | 2525 | 7575 |
| 11. | | ICDS പ്രോജക്ട് കൂത്തുപറമ്പ | 0 | 0 | 0 | 0 |
| 12. | | ICDS പ്രോജക്ട് കൂത്തുപറമ്പ അഡിഷണൽ | 198 | 9900 | 4950 | 14850 |
| 13. | | ICDS പ്രോജക്ട് പാനൂർ | 0 | 0 | 0 | 0 |
| 14. | | ICDS പ്രോജക്ട് പയ്യന്നൂർ | 415 | 20750 | 10375 | 31125 |
| 15. | | ICDS പ്രോജക്ട് പയ്യന്നൂർ അഡിഷണൽ | 878 | 43900 | 21950 | 65850 |
| 16. | | ICDS പ്രോജക്ട് പേരാവൂർ | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 17. | | ICDS പ്രോജക്ട് തലശ്ശേരി | 79 | 3950 | 1975 | 5925 |
| 18. | | ICDS പ്രോജക്ട് തലശ്ശേരി അഡിഷണൽ | 197 | 9850 | 4925 | 14775 |
| 19. | | ICDS പ്രോജക്ട് തളിപ്പറമ്പ് | 0 | 0 | 0 | 0 |
| 20. | | ICDS പ്രോജക്ട് തളിപ്പറമ്പ അഡിഷണൽ 1 | 0 | 0 | 0 | 0 |
| 21. | | ICDS പ്രോജക്ട് തളിപ്പറമ്പ 2 | 0 | 0 | 0 | 0 |
| **ആകെ** | | | **3712** | **1,85,600** | **92,800** | **2,78,400** |
| **അനുവദിക്കുന്ന തുക** | | | | | | **2,78,400** |
| **ആകെ തുക** | | | | | | **7,27,625/-** |

**(ഏഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അറുനൂറ്റി ഇരുപത്തി അഞ്ചു രൂപ മാത്രം)**

3) എറണാകുളം, കണ്ണൂർ ജില്ല വനിതാ ശിശു വികസന പദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഈ ഉത്തരവിൻ പ്രകാരമുള്ള തുക വിഭജിച്ച് അനുവദിച്ച് നൽകേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ, അനുവദിക്കുന്ന തുക മൂന്ന് ഗഡു ആനുകൂല്യവും ലഭിക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വർക്കർ, ഹെൽപ്പർ എന്നിവർക്ക് തുക അനുവദിച്ച് നൽകേണ്ടതും യൂട്ടിലൈസേഷൻ സാക്ഷ്യപത്രം പ്രോഗ്രാം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസർമാർ ആയതു ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാകേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇൻസെന്റീവ് അനുവദിച്ചതായി ഭാവിൽ കണ്ടെത്തുന്ന പക്ഷം അത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും. തുക നടപ്പു സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യേണ്ടതാണ്.

4) ഇതിലേക്കാവശ്യമായ **7,27,625/-** രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ 2235-02-103-56 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)/-**

**വനിത ശിശു വികസന ഡയറക്ടർ**

ജില്ല വനിത ശിശു വികസന ഓഫീസർമാർ എറണാകുളം/കണ്ണൂർ
ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും

**പകർപ്പ്:**

1. എറണാകുളം, കണ്ണൂർ പ്രോഗ്രാം ഓഫീസർമാർക്ക്
2. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
3. സ്റ്റേറ്റ് നോഡൽ ഓഫീസർ (പിഎംഎംവിവൈ)
4. കരുതൽ ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സ്റ്റേറ്റ് നോഡൽ ഓഫീസർ**